# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ടി.ആർ.1/000201/2020

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി.27.08.2020.

**മെമ്മോറാണ്ടം**

വിഷയം : സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് –

കോവിഡ്–19 മഹാമാരിയുടെ കാലഘട്ടത്തിൽ വളരെയധികം സാമൂഹിക പ്രതിബദ്ധത ഏറ്റെടുക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി വലിയ നഷ്ടം സഹിച്ചാണ് സർവ്വീസുകൾ നടത്തി വരുന്നത്. മിക്ക സമയങ്ങളിലും യാത്രക്കാരില്ലാതെയാണ് വിവിധ നഗരങ്ങളിൽ നിന്നും, പട്ടണങ്ങളിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് പോയി യാത്രക്കാരെ കൊണ്ടു വരുന്നതിനായി സർവ്വീസ് നടത്തിവരുന്നത്. ഈ പ്രവണത ഉടൻ തന്നെ അവസാനിപ്പിക്കേണ്ടതാണ്.

2020 ജൂൺ മാസത്തെ ആകെ വരുമാനം 32 കോടി രൂപ ആയിരുന്നപ്പോൾ 22 കോടി രൂപ ഡീസൽ ഇനത്തിൽ ചെലവായപ്പോൾ ജൂലൈ മാസം ആയത് 21 കോടി രൂപ മാത്രം വരുമാനം ലഭിച്ചപ്പോൾ 14.3 കോടി രൂപ ഡീസൽ ഇനത്തിൽ ചെലവായിത്തീർന്നു. ചുരുക്കത്തിൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലെ 2/3 ഭാഗത്തിന് മുകളിൽ ഡീസൽ വാങ്ങുന്നതിനായി മാത്രം ചെലവാക്കുന്ന അവസ്ഥയിലാണ്. ഇത്തരത്തിൽ ചെലവിട്ടുകൊണ്ട് അധികകാലം കെ.എസ്.ആർ.ടി.സ്.യ്ക്ക് പിടിച്ച് നിൽക്കുവാൻ കഴിയുകയില്ല. സാധാരണ സമയങ്ങളിൽ ഡീസൽ ഇനത്തിലുള്ള ചെലവ് ആകെ വരുമാനത്തിന്റെ 50 ശതമാനത്തിൽ താഴെ മാത്രമായിരുന്നു. മെഡിക്കൽ റീബേഴ്സ്മെന്റ്, എൻ.ഡി.ആർ തുടങ്ങി വിവിധ ഇനത്തിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് കോടിക്കണക്കിന് രൂപ നൽകുവാനുള്ളത് അനിശ്ചിതമായി തുടരുന്നു. വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള തുകയും ഒരു ഭാഗത്ത് കടമായി നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഡീസൽ തുക ഉൾപ്പെടെയുള്ള ചെലവുകൾ

കുറയ്ക്കുന്നതിനായുള്ള എല്ലാ മാർഗ്ഗങ്ങളും നടപ്പിലാക്കേണ്ടതായുണ്ട്. അതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് ശരാശരി 18 രൂപ മുതൽ 20 രൂപ വരെ ഡീസൽ ഇനത്തിൽ മാത്രം ചെലവ് വരുന്നതിനോടൊപ്പം ശരാശരി 2 രൂപ മുതൽ 4 രൂപ വരെ ടയർ, സ്പെയർപാട്സ് തുടങ്ങി അവശ്യ വിഭാഗങ്ങളിലുള്ള ചെലവും വരുന്നുണ്ട്. ആയതിനാൽ ഓരോ കിലോമീറ്ററിനും ചുരുങ്ങിയത് 25 രൂപയെങ്കിലും ലഭിക്കാത്ത ഷെഡ്യൂളുകൾ/ട്രിപ്പുകൾ പുന:ക്രമീകരിക്കേണ്ടതാണ്. ഒരു കാരണവശാലും Dead Service/Kilometer ഓപ്പറേറ്റ് ചെയ്യാൻ പാടില്ലാത്തതാണ്. ഇത്തരം സാഹചര്യം വരുന്ന പക്ഷം പ്രസ്തുത ഷെഡ്യൂളുകൾ യാത്രക്കാരെ ലഭ്യമാകുന്ന സ്ഥലത്ത് നഗരാതിർത്തിയിൽ സ്റ്റേ എന്ന നിലയിൽ മാറ്റേണ്ടതാണ്.

2. ഇത്തരത്തിൽ ക്രമീകരിക്കുന്ന സ്റ്റേ സർവ്വീസുകളിലെ ജീവനക്കാർക്ക് സ്റ്റേ അലവൻസ് എന്ന നിലയിൽ ഓരോ കിലോമീറ്ററിനും 2/- രൂപ നിരക്കിൽ പ്രത്യേക അലവൻസ് അനുവദിക്കാവുന്നതാണ്. (ഡിപ്പോയിൽ നിന്നും ബസ് സ്റ്റേ ചെയ്യിരിക്കുന്ന ദൂരമാണ് ഇത്തരത്തിൽ കണക്കാക്കേണ്ടത്.)

3. ഇത്തരം സർവ്വീസുകൾ സ്റ്റേ ചെയ്യുന്നതിന് ഏറ്റവും അടുത്ത് താമസിക്കുന്ന ജീവനക്കാരെ പ്രസ്തുത ഡ്യൂട്ടികൾക്കായി നിയോഗിക്കുന്നതിന് യൂണിറ്റ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, പരമാവധി അസൗകര്യം ജീവനക്കാർക്ക് കുറയ്ക്കുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

4. യാത്രക്കാർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനും, കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനുമായി ഓർഡിനറി ബസ്സുകൾ ബസ് സ്റ്റോപ്പുകളിൽ മാത്രം നിർത്തുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. ഇനി മുതൽ യാത്രക്കാരുടെ സൗകര്യാർത്ഥം അവർ ആവശ്യപ്പെടുന്ന ഏത് സ്ഥലത്തും ഓർഡിനറി ബസ്സുകൾ നിർത്തി യാത്രക്കാരെ കയറ്റി ഇറക്കേണ്ടതാണ്. ഇത്തരം സർവ്വീസുകൾ അൺലിമിറ്റഡ് ഓർഡിനറി സർവ്വീസ് (Unlimited Ordinary Service) എന്ന പേരിലാണ് അറിയപ്പെടുന്നത്. എന്നാൽ സിറ്റി ഓർഡിനറി സർവ്വീസുകൾ

നാമമാത്രമായി നടത്തുന്ന കേരളത്തിലെ വടക്കൻ മേഖലകളിൽ ഈ സർവ്വീസുകൾ ഇപ്പോൾ ആരംഭിക്കേണ്ടതില്ല.

5. യൂണിറ്റ് ഓഫീസർമാർ അതാത് യൂണിറ്റുകളിൽ ലഭ്യമായിട്ടുള്ള ഇൻപെക്ടർ വിഭാഗം ജീവനക്കാരുടെ സഹായത്തോടെ പൊതുജനങ്ങളും യാത്രക്കാരുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട റൂട്ടുകളുടെ സാദ്ധ്യതാപഠനം നടത്തി പൊതുജനങ്ങൾക്കും കോർപ്പറേഷനും ഗുണകരമാകുന്ന പുതിയ റൂട്ടുകൾ കണ്ടെത്തി 23.09.2020-ന് മുൻപ് സമർപ്പിക്കേണ്ടതാണ്. ഇതിനായി മേഖലാ തലത്തിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സാന്നിദ്ധ്യത്തിൽ യൂണിറ്റ് ഓഫീസർമാരുടേയും ഇൻസ്പെക്ടർമാരുടേയും യോഗങ്ങൾ സെപ്റ്റംബർ 1-ാം വാരം തന്നെ സംഘടിപ്പിക്കേണ്ടതും, സർവ്വീസുകളുടെ പുന:ക്രമീകരണം, രാവിലേയും വൈകുന്നേരം തിരിച്ചും യാത്രക്കാരെ തീരെ ലഭിക്കാത്ത ഷെഡ്യൂളുകളെ നഗരാതിർത്തിക്ക് പുറത്തേയ്ക്ക് മാറ്റി സ്റ്റേ ആക്കുവാൻ പറ്റുന്നവ, ഓർഡിനറി സർവ്വീസുകളെ അൺലിമിറ്റഡ് ഓർഡിനറി ഷെഡ്യൂളാക്കി മാറ്റുവാൻ കഴിയുന്നവ തുടങ്ങി വിവിധ വിഷയങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. സെപ്റ്റംബർ 3-ാം വാരം മേഖലാതല യോഗങ്ങളുടെ വിശദാംശങ്ങളടങ്ങിയ പുതിയ നിർദ്ദേശങ്ങൾ എം.ഡി തല യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള അസാധാരണ സാഹചര്യം നിലനിൽക്കുന്നതിനാൽ, പ്രതിദിനം അയ്യായിരത്തോളം ഷെഡ്യൂളുകൾ നടത്തി വന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ 1500-ഓളം ഷെഡ്യൂളുകൾ മാത്രമാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് നടത്തുവാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ ആവശ്യത്തിന് ബസ്സുകളും ജീവനക്കാരും ഉള്ളതിനാൽ നഗരാതിർത്തിക്ക് പുറത്തേയ്ക്ക് ഷെഡ്യൂളുകളെ സ്റ്റേ ആക്കി മാറ്റാൻ യാതൊരു പ്രയാസവുമില്ല. ഇതുവഴി 2020 സെപ്റ്റംബർ മാസം എല്ലാ യൂണിറ്റുകളിലും 15% ഡീസൽ ചെലവിനത്തിൽ കുറയ്ക്കുന്നതിനും, 25% പ്രതിദിന വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഈ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും പാലിക്കേണ്ടതും, കൂടുതൽ യാത്രക്കാരെ അവരുടെ ലക്ഷ്യസ്ഥാനത്തേയ്ക്ക് എത്തിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുമാണ്.

മാനേജിംഗ് ഡയറക്ടർ

എല്ലാ മേഖലാ / യൂണിറ്റ് / വർക് ഷോപ്പ് അധികാരികൾക്കും
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും / വിഭാഗങ്ങൾക്കും.